अध्यापक के रूप में मालवीय जी शीघ्र ही बड़े लोकप्रिय हो गए। सार्वजनिक संस्थाओं में उन्हें बहुत रुचि थी। उन्होंने कांग्रेस के दूसरे अधिवेशन में भाग लिया और एक अच्छा भाषण दिया जिसने सभी लोगों को अपनी ओर आकर्षित किया। बाद में उन्होंने सभी अधिवेशनों में भाग लिया। वे 'हिन्दुस्तान' नामक एक साप्ताहिक पत्र का संपादक हुए। ढाई वर्ष के बाद उन्होंने संपादक का पद छोड़कर कलकत्ता विश्वविद्यालय में वकालत का अध्ययन किया और 1891 में वकालत की परीक्षा पास की और इलाहाबाद हाईकोर्ट में वकालत करने लगे। उनकी वकालत चमक उठी। वे करुणा की मूर्ति थे। 1901 में जब इलाहाबाद में भयंकर प्लेग फैला तब उन्होंने पीडितों की सहायता करने में सक्रिय भाग लिया।

मालवीय जी की लोकप्रियता बढ़ी। 1902 में वे प्रांतीय विधान सभा के सदस्य बन गये। उन्होंने इलाहाबाद से ही निकालनेवाले 'इण्डियन युनियन' का संपादन किया। उन्होंने 'अभ्युदय'

और 'मर्यादा' नाम के पत्रों और एक अंग्रेज़ी दैनिक 'लीडर' का संपादन और प्रकाशन प्रारंभ किया। 'बंग भंग' आंदोलन के बाद तिलक की अनुपस्थिति में कांग्रेज की बागडोर मालवीयजी के हाथ में आ गई। 1921 में आप पुन: कांग्रेज के प्रधान चुने गये। हिन्दी भाषा के प्रचार के लिए मालवीयजी की सेवाएँ नहीं भूली जा सकतीं। इनके प्रयत्नों से ही 1910 में हिन्दी साहित्य सम्मेलन की स्थापना हुई। मालवीयजी हिन्दू धर्म के प्रबल समर्थक थे। हिन्दी-संस्कृति की रक्षा के लिए उन्होंने सनातन धर्म सभा की स्थापना की। देश को मालवीय जी का सबसे बड़ा दान बनारस हिन्दु विश्वविद्यालय है। गाँधीजी ने लिखा था "मालवीयजी काशी विश्वविद्यालय के प्राण हैं। मैं तो मालवीय जी महाराज का पुजारी हूँ"। 1933 को कलकत्ता अधिवेशन में भी आप कांग्रेज के अध्यक्ष निर्वाचित हुए। 12 नवम्बर 1946 को 85 वर्ष की आयु में मालवीयजी का स्वर्गवास हो गया। वास्तव में वे एक व्यक्ति नहीं परंतु एक संस्था थे।

---

With the best compliments From

MALABROS SPORTS Co.

MAIN ROAD.

TRIVANDRUM.

Tele : 3200.



# मेरी छोटी वहिन

दिलीप, जे. डी. कक्षा – VIII

मे...मे रोती मेरी वहिन
उसकी गुड़िया छोड़कर भाई।
खेलती, खाती, रोती
वह अपना समय बिताती।
चाँद देखकर वह कहती
"मेरी नानी वहाँ ही रहती"।
जब उसको मिठाई मिलती
तब उसको स्वयं ही खाती।
जब मैं पढ़ता
तब चित्र देखकर आनन्द मनाती।
छोटे प्राणी को मारना
उसका प्रिय विनोद था
वह उसको लेकर आती
और बिल्ली को देती
कुर्सी पर से वह गिरती
और रोकर मेरे पास आती
मैं गाना गाकर सुलाता
सुख देने की कोशिश करता।

*

# मनुष्य "मार्स" तक

निखिल, कक्षा VII

मनुष्य अपने लगन और परिश्रम से अब मार्स तक पहुँच चुका है।

5000 वर्ष पहले पत्तों, जड़ों और कच्चे माँस को खा कर जीता था। उस दिन से आज तक 5000 वर्षों में मनुष्य कितने आगे हो गया। पहले जब प्रथम राकेट मनुष्य को ले कर चला तो सबको बड़ा हर्ष था। फिर मनुष्य चन्द्र पर गया। चन्द्र में जाने के बाद भी मनुष्य की इच्छा की पूर्ति नहीं हुई। उसके बाद अमेरिका ने कठिन परिश्रम से "वैकिंग" नामक एक यान तैयार किया। यह यान मार्स में गया और वहाँ की मिट्टी लेकर आया। इस यान में कोई मनुष्य न था। इस यान का नियन्त्रण भूमि से किया गया था। अब मार्स पर मनुष्य भी जाने लगेगा।

मनुष्य की इच्छा का ठिकाना नहीं। एक को पाता है तो दूसरे को पाने की कोशिश करता है।



# बहादुर रमेश

हरीष चन्द्र जोशी, कक्षा VII

किसी गाँव में रमेश नामक लड़का रहता था। उसकी इच्छा सिपाही बनने की थी। एक दिन वह अपने पिताजी को खाना देने जा रहा था। उसने चौकी पर भारतीय सिपाही देखे। वह वहाँ रुक गया और उनको देखने लगा। एक सिपाही ने उससे पूछा "तुम क्या चाहते हो?" रमेश ने कहा "मैं सिपाही बनना चाहता हूँ।" सिपाही का नाम शरतचन्द्र था। शरतचन्द्र ने कहा "सिपाही बनने के लिए पहले ट्रेनिंग लेनी पड़ेगी।" रमेश तैयार हो गया। शरतचन्द्र ने रमेश को बताया "जब तुम पकड़े गए तो तुम अपने देश के बारे में न बताना।" "रमेश और शरतचन्द्र की बातें होतीं रहती थीं। लड़ाके के दिनों में रमेश की शरतचन्द्र से बातें कम होती थीं। एक दिन चीनी सिपाहियों ने शरतचन्द्र को पकड़ लिया। इससे रमेश को बहुत दुख हुआ। वह शरतचन्द्र को ढूँढने के लिए चला गया। एक लाठी और एक लालटेन लेकर चल पड़ा। वह रात में भयानक जंगल में चलता रहा। जब सवेरा हुआ तो उसे एक भारतीय सिपाहियों का कैम्प मिला। एक सिपाही ने रमेश से पूछा "तुम यहाँ किसलिए आये?" रमेश ने उन्हें सारी बात बता दी। उन्होंने रमेश को खाना खिलाया और हरी वर्दी दी। उन्होंने उसके थैले में सेब और बिस्कुट भर दिए। और रमेश वहाँ से चल पड़ा। वह रात में आगे बढ़ता गया। रास्ते में उसने सुअर जैसा जानवर देखा और वह वहाँ से भागा। दूसरी रात वह पेड़ पर चढ़कर आराम लेने लगा। तब उसने देखा और समझा "ये ज़रूर चीनी मनुष्य हैं।" रमेश छिपते छिपते हुए उस तम्बू के अंदर जा पहुँचा। वहाँ उसने देखा सभी कैदी वहीं हैं। वहाँ पर शरतचन्द्र भी हैं। रमेश ने शरतचन्द्र से आने को कहा पर शरतचन्द्र ने कहा "मैं इन्हें छोड कर नहीं जा सकता। शरतचन्द्र ने रमेश से कहा "तुम रात को चीनी तम्बू में आग लगा देना। "रमेश ने दो बजे वहाँ जाकर देखा। सब चीनी सोए हुए थे। रमेश की खुशी का ठिकाना न रहा। उसने अपनी लालटेन निकाली और मिट्टी का तेल तम्बू में डाल दिया और आग लगा दी और रमेश भाग खड़ा हुआ। आग चीनी तम्बू में लगी बस, विस्फोट से चीनी आदमी मरने लगे। चीनी आदमी कोई न बचा। रमेश बर्फीली पहाड़ी में लेटा सब कुछ देखता रहा और सब कैदी धूमधाम से अपने घर आ गए। ऐसा था बहादुर रमेश।

# त्रिवेंद्रम के चिडियाघर की सैर

—महेश चिटेकर   कक्षा VIII

हमारी क्रिसमस की छुट्टियाँ थीं। अठाईस डिसंबर को हम त्रिवेंद्रम का चिडियाघर देखने गए। टिकट निकालकर हम अंदर गए।

अंदर जाते ही वहाँ हमने बहुत तरह-तरह के रंग-बिरंगे छोटे बडे तोते देखे। बडे तोते अपने पिंजरों में कसरत कर रहे थे। यह करते समय वे बडा हल्ला मचा रहे थे।

आगे चलकर हमने बहुत तरह के बंदर देखे। सब इधर-उधर कूद रहे थे। एक बंदर को सफेद दाढी थी और उसका मुँह एकदम एक बूढे के समान लग रहा था। हमने उन सब को प्याज़ और मूँगफली खिलाई। उसके बाद हमने चिम्पांज़ी देखा। उसके लिए उसके घर में "टेबल कुर्सियाँ" बनी है। उसके बाद हम पक्षी देखने गए।

हमने तरह-तरह के रंग-बिरंगे कई पक्षी देखे, जैसे उल्लू, बतख, मोर, मुर्गियाँ, बगुले हंस, सारस आदि।

फिर हमने एक बडा मगरमच्छ और कुछ कछुए देखे। उसके पास एक तालाब में कुछ पक्षी छोडे गए थे। कुछ पानी में तैर रहे थे, कुछ बगुले एक पर सो रहे थे, तो कुछ मछलियाँ खा रहे थे।

आगे हमने हिप्पोपोटामस देखे। हमने उन्हें मुँह खोलते देखा।

फिर हमने तरस देखे। इन प्राणियों के पिछले पैर आगे वालों से छोटे होते हैं। तरस कुत्तों को खाते हैं। ऐसा माना जाता है।

फिर हिमालय के रहनेवाले भालू देखे। आगे गिद्ध देखकर हम शेरों की ओर चले।

वहाँ एक बडे जंगल जैसे बाडे में एक शेर और शेरनी छोडे गए थे। उनकी मिलकर बैठने की छवि देखने योग्य है। एक पिंजरे में दो शेर के बच्चे थे। वे बडे खुशी से इधर उधर कूद रहे थे और लोग उन्हें देखकर बडे प्रसन्न हुए। उसके पास ही बाघ थे। देखकर मैं तो घबरा गया।

थोडी दूरपर एक हथिनी और उसका बच्चा खडे थे। उनको देखकर हम आगे बढे। पास ही के बाडे में एक ऊँट खडा था। वह बडा दुखी लग रहा था।



फिर हमने एमू नामक एक पक्षी देखा। यह पक्षी उड नहीं सकता, लेकिन दिखने में बडा सुन्दर है। एमू के पास वाले बाडे में शुतुरमुर्ग था यह पक्षी भी उड नहीं सकता और सुन्दर भी नहीं था लेकिन यह एमू से बडा होता है। इन पक्षियों को देखकर भारतीय गैंडा देखा। उसका सींग नाक के ऊपर होता है। यह जानवर बहुत बडा और बलवान होता है। उसकी पीठ पर बहुत ही मोटी-खाल होती है। फिर हमने बंदर देखे। ये छोटे थे।

एक आदमी ने बंदर को अपना पेन दिखाया। जैसे ही उसने पेन पिंजरे के अंदर दिया वैसे ही बन्दर ने चबा-चबा कर पूरा तोड़ कर उस आदमी को वापस दिया।

बाद में नील गाय, खरगोश, जंगली भैंसा, हिरण, सीत्रा, ऊँट देखकर हम चिडिया-घर के बाहर आए। यह चिडियाघर बहुत ही बडा और सुन्दर है।


*With best compliments from*

Sreeram Gas Service

South Street, Fort

Trivandrum

**Distributors for Indane, the ideal fuel**

**for modern living**

16

# आपात काल

रमेश बाबु, कक्षा X

जागरण हो रहा है जनता का
भारत माँ के बच्चों का ।
जहाँ अधर्म की कालरात्रि थी,
वहाँ हो रहा है धर्म का सूर्योदय ।
जहाँ लोग दुष्ट रास्ते पर बढ़ रहे थे,
और अपने को वंचना के पात्र बनाते थे ।
वहाँ ही हो रहा है यह अद्भुत परिणाम,
और बढ़ते हैं हम प्रगति की ओर ।

करते हैं मेहनत हमारे जवान,
राष्ट्र के पुन-निर्माण के लिए ।
अनुशासन है कलालयों में,
जहाँ बहती है ज्ञान की गंगा ।
हमारे खेतों में आए हैं
नवयुग की सुन्दर सुविधाएँ ।
ऐसे ऐसे बढ़ते हैं हम
अमरता की सीमा तक ।

नाच रही है भारत-माता
यह प्रपंच की कुंजी पर ।
अब यहाँ होता है आपात काल,
और यह सब है उसका पावन परिणाम ॥



# पाप का परिणाम

सी. सी. राहुल, कक्षा VI

लखनाऊ और कानपुर के बीच एक छोटा सा स्टेशन था। रात के घने अंधेरे में एक लड़की अकेले स्टेशन पर खड़ी थी। वह अपने मामा के घर जा रही थी, लेकिन मामा स्टेशन में आने में असफल रहे। आस पास कोई घर न था। उसने कुछ किमती हीरों की माला पहनी थी। इसलिए उसे बहुत डर लग रहा था। वह स्टेशन के एक कोने में एक बेंच पर लेट गयी। जब स्टेशन मास्टर ने उन हीरों को देखा तो उसे लालच आ गया। वह एक भिखारी को कुछ पैसे दे कर उस लड़की की हत्या करने को बोला। भिखारी मान गया। आधी रात के समय स्टेशन मास्टर की बेटी वहाँ लेटने आयी। उसने उस लड़की को डाँट कर भगा दिया और स्वयं वहाँ लेट गयी। रात को जब भिखारी लड़की की हत्या करने आया तो उसे यह नहीं पता चला कि बेंच पर स्टेशन मास्टर की बेटी लेटी थी। उसने उसके पेट में चाकू घुसेड़कर स्टेशनमास्टर को समाचार दिया। जब स्टेशन मास्टर ने आकर देखा तो वह बहोश हो गया। दूसरे दिन जब वह उठा तो उसने देखा कि दो पुलीस सामने खड़ी है।

मनहु कला ससमान कला सोलह सो बन्निय ।
बाल बैस ससि ता समीप अम्रित रस पिन्निय ॥
बिगसी कमल स्रिग, भ्रमर, बेनु, खंजन, मृग लुट्टिय ।
हींर, कीर और बिम्ब मोति, नषसिष अहिघुट्टिय ॥

(पृथ्वीराज रासो से)

# एक क्रान्तिकारी साहित्यिक—स्व० श्री यशपाल

—कु. माधुरी विटेकर,  कक्षा X

छब्बीस दिसंबर १८७६ के उस दिन, जब हिन्दी साहित्य गगन से एक तेजस्वी तारा टूट कर सदा केलिए अनाचीन हो गया, श्री यशपाल हम 'भारतीय मैक्सिम गोर्की कह सकते हैं, का देहान्त हुआ। तब आपकी आयु ७३ वर्ष की थी। हिन्दी साहित्य में यशपाल का विशिष्ट स्थान है। आप हिन्दी के जाने-माने वृद्ध, क्रान्तिकारी, साहित्यकार तथा कुशल वक्ता थे। लगभग चालीस वर्षों की अपनी साहित्य साधनों में उन्होंने बहुत लिखा है। वे जीवन की समस्याओं में गहरे पैठकर उनकी चीर्फाड करते हैं और पाठक को उनका निदान सोचने के लिए विवश कर देते हैं। कहानी कला को उन्होंने प्रखर यथार्थवादी मोड़ प्रदान किया है।

आपका जन्म पंजाब के फिरोजपूर गाँव में सन् १८०३ में हुआ था। आपका बाल्य काल लाहोर में बीता जहाँ इनकी माता अध्ययनकार्य करती थीं। यशपाल ने गुरुभूत काँगडी में शिक्षा प्राप्त की। आपका बचपन बहुत कठिनाइयों में बीता। अँग्रेजी राज्य को हटाकर स्वराज्य प्राप्त करने के लिए जो सशस्त्र क्रान्तिकारी दल बना उसी में शामिल होने के कारण इन्हें शिक्षा बीच में ही छोड़ देनी पड़ी। उसने पँजाब शाखा की "हिन्दुस्थान सोशियलिस्ट रिपब्लिकन असोशियन" के सदस्य हो गए और भारतीय स्वतंत्रता आन्दोलन में कूद पड़े। क्रान्तिकारी होने के कारण सन् १८३२ ने ब्रिटीश सरकार ने आपको बन्दी बनाकर चौदह वर्ष की सजा सुनाई। १९३७ में काँग्रेज दल की सरकार बनी तब इन्हें जेल से रिहा कर दिया। तब तक आप साहित्यिक के रूप में प्रसिद्ध हो चुके थे। तब से आप निरंतर लिखते रहे हैं। अब तक आपकी लगभग तीन दर्जन रचनाएँ प्रकाशित हो चुकी हैं। अंत तक आप लखनऊ में रहकर ही साहित्य सेवा करते रहे। आपकी 'मेरी, तेरी उसकी बात', रचना पर १९७४ के साहित्य अकादमी पुरस्कार से सम्मानित किये गये हैं। आपकी रचनाओं का अनुवाद कई भारतीय और विदेशी भाषाओं में हुआ है। मुख्य रचनाओं के नाम इस प्रकार हैः—रामराज की कथा, मनुष्य के रूप, दादा कामरेड, अमिता, देशद्रोही, पिंजरे की उड़ान, देखा सोचा समझा, धर्मयुद्ध, झूठासच-दो भाग (पँजाब तथा



यू० पी० सरकार द्वारा पुरस्कृत उपन्यास) पक्का कदम, दिव्या तथा मेरी तेरी उसकी बात।

श्री यशपाल मार्क्सवादी लेखक के रूप में प्रसिद्ध हैं परंतु वे उसकी व्यापक सांस्कृतिक और सौन्दर्य पक्ष को न लेकर आर्थिक पक्ष को ही लेकर आगे बढ़ते हैं। साथ ही उन पर फ्रायड का भी गहरा प्रभाव है। वे उन मार्क्सवादी लेखकों की कोटि में आते हैं जिनका रूसी राज्यक्रान्ति के बाद रूसी कथा साहित्य में प्राबल्य रहा। यशपाल ने अपने बारे में एक जगह ठीक ही कहा था—"मैं क्रांतिकारियों का क्रान्तिकारी हूँ"। आपकी कहानियों में मजदूर और सामान्य लोगों की ही आर्थिक स्थिति का विवेचन हुआ है। आप अत्यन्त ही मार्मिकता से आर्थिक सन्तुलन की ओर संकेत करते हैं। हम यशपाल को उन राष्ट्रीय तथा अंतर-राष्ट्रीय महान साहित्यकारों की पंक्ति में बिठा सकते हैं जिन्होंने साधारण मानव के दुख दर्द, पीड़ा और वदनाओं को भाषा प्रदान की। कवि इकबाल, कवीन्द्र रवीन्द्र, नजरुल इस्लाम आदि के साथ उन्हें रखा जा सकता है। उन क्रान्तिकारी साहित्यकार की आत्मा को शत-शत प्रणाम।

*With the best compliments from:*

Tel: ARUNABRO  Phone: H. O. 2849

Res. 3274

**M/s. P. S. Arunachala Reddiar**

**General Merchants and Commission Agents**

**TRIVANDRUM-1.**

# हिन्दी के प्रशस्त महाकाव्य

गोविंद टेंभले

महाकाव्य अपने युग के समूचे जीवन, उसकी आशाओं और उसके संघर्षों को प्रतिबिंबित करनेवाला काव्य होता है। जीवन की प्राणदायिनी शक्ति उसमें मुखरित होती है और आनेवाले पीढ़ियों को निरंतर उससे प्रेरणा एवं प्रकाश मिलता है। अपने देश में 'रामायण', 'महाभारत', रघुवंश' और रामचरितमानस' ने यही भूमिका निबाही है। हिन्दी में महाकाव्य की परंपरा संस्कृत और प्राकृत से दाय में प्राप्त हुई है। यद्यपि हिन्दी में बहुत से महाकाव्य रचे गए हैं, तथापि आज हम समयाभाव के कारण केवल आठ प्रशस्त महाकाव्यों का परिचय देंगे। ये महाकाव्य हैं:—पृथ्वीराज रासो, पद्मावत, रामचरित मानस, प्रियप्रवास, कामायनी, साकेत, उर्वशी और लोकायतन।

कवि चन्द बरदाई द्वारा विरचित पृथ्वीराज रासो हिन्दी का आदि महाकाव्य माना जाता है। पृथ्वीराज रासो का प्रधान विषय सम्राट पृथ्वीराज के विश्वविश्रुत वीरचरित्र का यशोगान करना है। यह ग्रन्थ अति विशालकाय है। इसमें लगभग ढाई हजार पृष्ठ और 69 अध्याय हैं जिन्हें समय कहते हैं। पृथ्वीराज रासो का 'पद्मावती समय'' नितान्त प्रसिद्ध है। उसका एक नमूना सुनिये, जिसमें पृथ्वीराज का वीररसपूर्ण वर्णन किया गया है—

'बज्जिये घोर निशान रान चौहान चहों दिस।
सकल सूर सामंत समरि बल जन्त्र मन्त्र तिस॥
उट्ठि राज प्रिथिराज बाग मनो लग्ग वीर नट।
कढ़त तेग मनवेग लगत मनो बीजु झट घट'॥

पद्मावत मलिक मोहम्मद जायसी का प्रशस्त महाकाव्य है। पद्मावत में इतिहास और कल्पना का योग है। चित्तौर की महारानी पद्मिनी या पद्मावती का इतिहास भारतीयों के हृदय के मर्म को स्पर्श करनेवाला है। जायसी ने यद्यपि इतिहास प्रसिद्ध नायक और नायिका ली है पर उन्होंने अपनी कहानी का रूप वही रखा है जो कल्पना के उत्कर्ष द्वारा साधारण जनता के हृदय में प्रतिष्ठित था। इस रूप में पद्मावत का पूर्वार्ध तो बिलकुल कल्पित है और उत्तरार्ध ऐतिहासिक आधार पर है। लौकिक कथानक के आवरण में कवि ने आध्यात्मिक प्रेम की व्यञ्जना की है। जिसका उद्घाटन अंत में उसने स्वयं इस प्रकार किया है :—

'तन चितउर, मन राजा कीन्हा, हिय सिंहल, बुद्धि पदमिनी चीन्हा॥
गुरु सुआ जो पंथ देखावा। बिना गुरु को निरगुन पावा॥
नागमती यहि दुनिया धंधा। बांचा सोई न पहि चित बंधा॥
राघव दूत सोइ सैतानु। माया अलाउदी सुलतानू॥



रामचरित मानस गोस्वामी तुलसीदासजी का प्रशस्त एवं सुप्रसिद्ध महाकाव्य है। भारत में यही प्रथम ग्रन्थ है जिसकी चतुश्शती बड़े धूमधाम के साथ हाल ही में संपन्न हुई है। सात कांडों में विभाजित रामचरितमानस मर्यादा पुरुषोत्तम श्रीरामचन्द्रजी के 'चरित' का सुन्दर दर्पण है। गोस्वामीजी 'मानस' के प्रारंभ में लिखते हैं :—

'नाना पुराणनिगमागम सम्मतं यद्
रामायणे निगदितं क्वचिदन्यतोऽपि।
स्वान्तः सुखाय तुलसी रघुनाथगाथा
भाषानिबन्धमति मंजुलमातनोति॥

'मानस' की चौपाइयाँ हमारे खट्टे मीठे अनुभवों की साक्षी हैं। तुलसी का भाषाप्रभुत्व इन चौपाइयों से सिद्ध होगा—

'अमियमूरिमय चूरन चारु। समन सकल भवरुज परिवारु॥
सुकृतसंभु तनु विमल विभूती। मंजुल मंगल मोद प्रसूती॥
जन-मन-मंजु-मुकुर-मल-हरनी। किए तिलक-गुन-गन-बस-करनी॥'

पण्डित अयोध्यासिंह उपाध्याय 'हरिऔध' द्वारा रचित 'प्रियप्रवास' आधुनिक हिन्दी का प्रथम महाकाव्य है। प्रियप्रवास का वर्ण्य विषय श्रीकृष्ण का गोकुल से मथुरा के लिए प्रवास है। प्रियप्रवास के कथानक श्रीमद्भागवत के दशमस्कन्ध का वह प्रसिद्ध कथानक है, जिसने भारतीय साहित्य को बहुत अधिक प्रभावित किया है, किन्तु कथानक के संगठन में हरिऔध ने नया ढंग अपनाया है। काव्य का प्रारम्भ बिना किसी भूमिका के इस तरह होता है :—

'दिवस का अवसान समीप था,
गगन था कुछ लोहित हो चला।
तरु शिखा पर थी अब राजती,
कमलिनी-कुल-वल्लभ की प्रभा॥'

प्रियप्रवास के चौथे सर्ग में राधा के सौन्दर्य का यह वर्णन देखिए :—

'रूपोद्यान प्रफुल्लप्राय कलिका राकेन्दु बिम्बानना,
तन्वंगी, कल हंसिनी, सुरसिका क्रीड़ा कला पुत्तली।
शोभा वारिधि की अमूल्य मणिसी लावण्य लीलामयी,
श्रीराधा मृदुभाषिणी मृगदृगी, माधुर्य संभूति थी॥'

जयशंकर प्रसाद की कामायनी नए युग की काव्यकृति है। कामायनी महाकाव्य का कथानक मनु, श्रद्धा, इड़ा तथा मानव—इन चार पात्रों के चरित्र-वृत्ति पर बना है और कथानक में एक मनोराज्य का दार्शनिक तत्त्व वर्णित है। काव्य की दृष्टि से भी कामायनी में वर्णन विशद है और भावों के सुन्दर चित्र हैं। हिमालय की ऊँची चोटी पर विस्मृति, विस्मय और चिन्ता में मग्न मनु बैठे हैं। उनकी मानसिक स्थिति स्थिति और क्षुब्ध प्रकृति का वर्णन सजीव है :—

'हिमगिरि के उत्तुंग शिखर पर,
बैठ शिला की शीतल छांह:
एक पुरुष, भीगे नयनों से,
देख रहा था प्रलय प्रवाह !
नीचे जल था, ऊपर हिम था
एक तरल था, एक सघन:
एक तत्व की ही प्रधानता,
कहो उसे जड़ या चेतन।'

राष्ट्रकवि मैथिलीशरण गुप्त का महाकाव्य साकेत मुख्यतः गार्हस्थ्य काव्य माना गया है। 'साकेत' महाकाव्य की रचना इस उद्देश्य से हुई कि लक्ष्मण की पत्नी उर्मीला 'काव्य की

उपेक्षिता' न रह जाए। यह महाकाव्य बारह सर्गों में बँटा हुआ है और पूरे दो सर्ग (९ और १०) उर्मीला के वियोग-वर्णन में खप गए हैं। काव्य का नाम 'साकेत' रखा गया है, जिसका तात्पर्य यह है कि इसमें अयोध्या में होनेवाली घटनाओं और परिस्थितियों का ही वर्णन प्रधान है। उर्मिला लक्ष्मण से कहती है :—

'हाय, नाथ, धरती फट जाती
हम तुम कहीं समा जाते।
तो हम दोनों किसी मूल में
रहकर कितना रस पाते॥
स्वयं परस्पर भी न देखकर
करते हम बस अंगस्पर्श
तो भी निज दाम्पत्यभाव
का उसे मानती मैं आदर्श॥'

हिन्दी का अन्य प्रशस्त महाकाव्य है स्व० कविवर रामधारी सिंह 'दिनकर' की 'उर्वशी' उर्वशी और पुरूरवा की कथा एक प्रकार से आदि नारी और आदि पुरुष की कथा हैं। दिनकर ने पुरूरवा और उर्वशी को सनातन नर और सनातन नारी का प्रतीक मानकर इस महाकाव्य की संयोजना की। 'दिनकर' की 'उर्वशी' में धर्म, वेदान्त, विज्ञान एवं नर, नारायण तथा प्रकृति, सबके मूल सूत्रों को प्रेम की कसौटी पर कसकर दीप्तिमान किया गया है। दर्शन की दुरूह, नीरस रुक्षता में रसप्लावित गंधवाही फूलों की तरलामृत सुरसरि उमड़कर हिलोरे ले उठी है :—

'मन की असीमता में निबद्ध
नक्षत्र, पिण्डग्रह, दिशाकाश
तन में रसस्विनी की धारा
मिट्टी की मृदु सोंधी सुवास।'

मानव मानव ही नहीं, अमृत-नन्दन यह लेख अमर भी है। वह एक साथ जल-अनिल, सृचि महदंबर क्षर-अक्षर भी है॥

भारतीय ज्ञानपीठ पुरस्कार विजेता पंडित सुमित्रानंदन पंत का महाकाव्य 'लोकायतन' एक बृहद् काव्य है। लोकायतन एक प्रकार से अरविन्द दर्शन की दृष्टि से भारत के अतीत इतिहास और वर्तमान विश्व की समस्याओं को देखने का यत्न है। इस काव्य के नामकरण में गूढ़ व्यंजना है। 'लोकायत' चार्वाक दर्शन का शब्द है, बौद्धधर्म में वह निषिद्ध है। किन्तु यह काव्य लोकायता नहीं, लोकायतन है और लोक के आयतन अथवा सृष्टि के विस्तार में ही जीवन का उत्कर्ष करता है। 'लोकायतन' में पंतजी कहते हैं :—

'सामाजिक क्रान्ति अपेक्षित भारतजन के
मंगलहित।
हो जाति वर्ण में बिखरी चेतना राष्ट्र में
केन्द्रित॥'

इस महाकाव्याष्टक में से केवल रामचरित मानस का मलयालम में अनुवाद महाकवि श्री वेण्णिकुलम गोपाल कुरुपजी ने किया है, जिन्हें यथार्थ में केरल-तुलसीदास कहा जाता है। हिन्दी के अन्य प्रशस्त महाकाव्यों का भी मलयालम में अनुवाद किया जाना चाहिए ताकि केरल का जनता-जनार्दन इन महाकाव्यों का रसास्वादन सुलभतया कर सकें।

—आकाशवाणि, त्रिवेंद्रम के सौजन्य से।





# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | ഒരു യാത്രയുടെ അവസാനം | (കഥ) | നന്ദകുമാർ |
| 2 | എന്റെ ആദ്യത്തെ പഠനയാത്ര | (ലേഖനം) | മായാശ്രീധർ |
| 3 | ഒരു പേനയുടെ ആത്മകഥ | (കഥ) | രതീശ് |
| 4 | ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ | (വിനോദം) | ശ്രീകുമാർ |
| 5 | പശ്ചാത്താപം | (കവിത) | കൃഷ്ണകുമാർ |
| 6 | ഒരു ശുനകന്റെ ആത്മകഥ | (കഥ) | ബിജോയ് |
| 7 | കഥയെഴുത്ത് | (വിനോദം) | പ്രസാദ് |
| 8 | അമ്മളി | (കഥ) | മനോജ് |
| 9 | ഒരു ആനയുടെ ആത്മകഥ | (കഥ) | റെജി |
| 10 | വിനോദയാത്ര | (ലേഖനം) | സാബു |
| 11 | കലാകാരൻ | (കവിത) | ജയശങ്കർ |
| 12 | കൊള്ളാം അവളെ | (വിനോദം) | രമേശ്ബാബു |
| 13 | ബസ്സ്സ്റ്റാന്റിൽ ഒരു മണിക്കൂർ | (വിനോദം) | നീഷ |
| 14 | മെയിൻറിനൻസ് | (വിനോദം) | ഫിറോസ്ഖാൻ |




## ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | ഒരു യാത്രയുടെ അവസാനം | (കഥ) | നന്ദകുമാർ |
| 2 | എന്റെ ആദ്യത്തെ പഠനയാത്ര | (ലേഖനം) | മായാശ്രീധർ |
| 3 | ഒരു പേനയുടെ ആത്മകഥ | (കഥ) | രതീഷ് |
| 4 | ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ | (വിനോദം) | ശ്രീകുമാർ |
| 5 | പശ്ചാത്താപം | (കവിത) | കൃഷ്ണകുമാർ |
| 6 | ഒരു ശുനകന്റെ ആത്മകഥ | (കഥ) | ബിജോയ് |
| 7 | കഥയെഴുത്ത് | (വിനോദം) | പ്രസാദ് |
| 8 | അമ്പിളി | (കഥ) | മനോജ് |
| 9 | ഒരു ആനയുടെ ആത്മകഥ | (കഥ) | റെജി |
| 10 | വിനോദയാത്ര | (ലേഖനം) | സാബു |
| 11 | കലാകാരൻ | (കവിത) | ജയശങ്കർ |
| 12 | കെട്ടെടാ അവളെ | (വിനോദം) | രമേഷ്ബാബു |
| 13 | ബസ്സ്സ്റ്റാന്റിൽ ഒരു മണിക്കൂർ | (വിനോദം) | നിഷേ |
| 14 | മെയിന്റനൻസ് | (വിനോദം) | ഫിറോസ്ഖാൻ |




# ഒരു യാത്രയുടെ അവസാനം

നന്ദകുമാർ
ക്ലാസ്സ് 6

കുട്ടി അന്തമില്ലാതെ നടക്കുകയാണ്. തെരുവിൽക്കൂടി വിശപ്പു സഹിക്കുന്നില്ല. ദാഹവുമുണ്ട്. അന്ന് ഒന്നും കഴിച്ചിട്ടില്ല. ഒരു മുറി ദോശയാണ് തലേദിവസം കിട്ടിയത്. പൈപ്പിലെ പച്ച വെള്ളമായിരുന്നു ഒരേ ഒരാശ്രയം.

"ഓ! എന്തൊരു ചൂട്!" എങ്ങോട്ടാണ് പോകേണ്ടത്? എത്ര നേരമായി നടക്കുന്നു. ഈ യാത്ര എവിടെ അവസാനിക്കും? അടുത്ത പള്ളിക്കൂടത്തിൽ മണിയടിക്കുന്നു. വിദ്യാർത്ഥികൾ സന്തോഷത്തോടെ സ്കൂളിലേയ്ക്കോടിപ്പോകുന്നു. കുട്ടിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അവർക്കെല്ലാം അച്ഛനും അമ്മയുമുണ്ട്; ലക്ഷ്യമുണ്ട്. കുട്ടി കഴിഞ്ഞ കാലങ്ങളോർത്തു.

"അച്ഛനും അമ്മയും ഒന്നിച്ച് റോഡുവക്കത്തുള്ള കുടിലിൽ താമസിച്ചിരുന്ന ദിവസങ്ങൾ. തനിക്ക് വേണ്ടതെല്ലാം വാങ്ങിത്തരുന്ന അച്ഛൻ. "ഹോ"! ആളിപ്പടരുന്ന തീയിൽ താനുംകൂടെ അന്നു മരിച്ചിരുന്നെങ്കിൽ! കുട്ടിക്ക് ഉറക്കെ കരയണമെന്നു തോന്നി. പക്ഷേ, ശബ്ദം പുറത്തു വന്നില്ല.

"എന്താടാ നീ ഇവിടെ?" കുട്ടി ഞെട്ടിത്തിരിഞ്ഞുനോക്കി. ഹോ! മീശക്കാരൻ പപ്പുവിന്റെ കടയുടെ മുന്നിലാണ് താൻ. കുട്ടിക്ക് പരിസരബോധം ഉണ്ടായി. പലഹാരം നിരനിരയായിക്കൂട്ടിയിരിക്കുന്നു. കുട്ടി ആർത്തിയോടെ നോക്കി.

"അണ്ണാ ഒരു പഴം തരുമോ?" കുട്ടി അറിയാതെ ചോദിച്ചുപോയി. ചീഞ്ഞ രണ്ടു പഴം റോഡിലേക്കിട്ടുകൊടുത്തു. ചീഞ്ഞതാണെങ്കിലും കുട്ടി ആർത്തിയോടെ അകത്താക്കി. കുട്ടി പിന്നെയും നടന്നു. "ഈ നടപ്പ് എന്നവസാനിക്കും? എവിടേയ്ക്കാണ് നടക്കുന്നത്?"

ട്രെയിനിന്റെ ചൂളംവിളി കേൾക്കുന്നു. കുട്ടി റെയിൽവേ സ്റ്റേഷനിലേക്ക് നടന്നു. രണ്ടരയ്ക്കുള്ള എക്സ്പ്രസ് എത്തിയതേയുള്ളൂ. അനേകം യാത്രക്കാർ ട്രെയിനിലേക്ക് തള്ളിക്കയറുന്നു. അവർക്കെല്ലാം ലക്ഷ്യമുണ്ട്. അവിടെ ഇറങ്ങിയവർ പ്ലാറ്റ്ഫോറത്തിനു പുറത്തേക്കിറങ്ങുവാൻ ബദ്ധപ്പെടുന്നു. അവരുടെ യാത്ര അവസാനിച്ചിരിക്കുകയാണ്.

എവിടെയാണ് പോകേണ്ടത്; കുട്ടിക്കറിഞ്ഞുകൂടാ. ഒരാൾ പെട്ടിയുമായി നടന്നുവരുന്നു. കുട്ടി അയാളെ നോക്കി. "സാർ" കുട്ടി വിളിച്ചു. "ഉം" അദ്ദേഹം ചോദിച്ചു. "സാർ പെട്ടി ഞാൻ പിടിക്കാം. കൂലി വേണ്ട". കുട്ടി പെട്ടെന്നു പറഞ്ഞു. അയാൾ കുട്ടിയെ തറപ്പിച്ചുനോക്കി. അയാളുടെ മനസ്സലിഞ്ഞു എന്നു തോന്നുന്നു.

അയാൾ പെട്ടി കുട്ടിയുടെ തലയിലേറ്റ് വച്ചുകൊടുത്തു. ആ മനുഷ്യന്റെ പിറ

കെ കുട്ടി നടന്നു. ''നിന്റെ പേരെന്താണ്''' നടക്കുന്നതിനിടയിൽ അലക്ഷ്യമായി ചോദിച്ചു. ''ഗോപി'' അവൻ പറഞ്ഞു. ''എനിക്കാരുമില്ലാ സാർ'' അവൻ കൂട്ടിച്ചേർത്തു.''

''എല്ലാവരും എവിടെപ്പോയി'' അയാൾ തിരിച്ചുചോദിച്ചു.

''അച്ഛനും അമ്മയും ഒരു തീപിടിത്തത്തിൽ മരിച്ചുപോയി.'' അവൻ ഒരുവിധം വിങ്ങി വിങ്ങി പറഞ്ഞൊപ്പിച്ചു.

അവർ ഒരു ലോഡ്ജിന്റെ മുന്നിലെത്തിക്കഴിഞ്ഞിരുന്നു. അയാൾ മുറിയിലേക്ക കടന്നുപോയി. കുട്ടി പെട്ടി വരാന്തയിൽവച്ചു. അയാൾ ഒരു കൂട്ട ബിസ്കറ്റും ആയി തിരികെ വന്നു. കുട്ടി ആർത്തിയോടെ ബിസ്കറ്റ് മുറിച്ചു മുറിച്ചുതിന്നു.

അയാൾ പോക്കറ്റിൽനിന്നും രണ്ടു രൂപയുടെ നോട്ടെടുത്ത് കുട്ടിയുടെ നേരെ നീട്ടി. കുട്ടി വാങ്ങാൻ മടിച്ചു. അയാൾ പറഞ്ഞു. ''കടയിൽ പോയി ഒരു പാക്കറ്റ് പനാമാ സിഗരറ്റ് വാങ്ങു ബാക്കിക്ക് കപ്പലണ്ടിയും.'' കുട്ടി സന്തോഷത്തോടെ ഓടിപ്പോയി.

വളരെ നേരമായിട്ടും കുട്ടിയെക്കാണുന്നില്ല. കുട്ടി രൂപയുമായി കടന്നതാണോ. അയാൾ സംശയിച്ചു. പക്ഷേ ദയനീയമായ കുട്ടിയുടെ മുഖം ഉയർന്നുവന്നു.

അയാൾക്ക് സിഗരറ്റ് അത്യാവശ്യമായിരുന്നു. അയാൾ മുറി പൂട്ടി റോഡിലേയ്ക്കിറങ്ങി. കടയെ ലക്ഷ്യമാക്കി നടന്നു. അതാ ആളുകൾ കൂട്ടം കൂടി നിൽക്കുന്നു. അറിയാതെ അയാളുടെ മനസ്സ് ഒപ്പെട്ടു. ആളുകളുടെ ഇടയിലേക്ക് അയാൾ എത്തിനോക്കി. അയാളുടെ കണ്ണിൽ ഇരുട്ടു കയറി. തല ചുറ്റുന്നതുപോലെ തോന്നി. വീഴാതിരിക്കാൻ ഒരാളിന്റെ ദേഹത്തു പിടിക്കേണ്ടിവന്നു. ഒരു കൈയിൽ സിഗരറ്റ് മറ്റേ കൈയിൽ കപ്പലണ്ടി. അങ്ങനെ രക്തത്തിൽക്കുളിച്ച് ഗോപി ചലനമറ്റു കിടക്കുന്നു........

സ്നേഹിക്കയില്ല ഞാൻ
നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു
തത്വശാസ്ത്രത്തെയും.—

വയലാർ





# എന്റെ ആദ്യത്തെ പഠനയാത്ര

മായാ ശ്രീധർ
ക്ലാസ്സ് 6

എന്റെ ഇദംപ്രഥമമായ ഒരു അനുഭവമാണ് ഞാൻ വിവരിക്കാൻ പോകുന്ന പഠനയാത്ര. പതിവുപോലെ കണക്ക ക്ലാസ്സിൽ ഞാൻ കണക്ക ചെയ്യുകയായിരുന്നു. അപ്പോഴാണ് ആ ആനന്ദ വാർത്ത ക്ലാസ്സ് ടീച്ചർ അറിയിച്ചത്. അതായത് ആറാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും തിരുവനന്തപുരത്തേയ്ക്ക് ഒരു പഠനയാത്രയ്ക്ക് പോകുകയാണെന്ന്.

''ഹാ''! എന്തു പറയാനാണ്! ഞാനും എന്റെ സഹപാഠികളായ 38 വിദ്യാർത്ഥികളും ആനന്ദത്തിൽ ആറാടി. എല്ലാവരും അന്യോന്യം സസ്മേരവദനരായി നോക്കി. അറ്റമില്ലാത്ത ആഗ്രഹങ്ങളും പലതും കാണാൻ പോകുകയാണ് എന്ന പ്രതീക്ഷകളും മനസ്സിൽ അങ്കുരിച്ചുതുടങ്ങി. യാത്രാദിനമായ ജനുവരി 16-ാം തീയതിയെയും സ്വപ്നം കണ്ടുകൊണ്ടിരുന്നു.

ജനുവരി 15-ാം തീയതി രാത്രി യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി നേരത്തെ ഊണും കഴിച്ച് ഞാൻ ഉറങ്ങി. അതിരാവിലെ പതിവിനു വിപരീതമായി താനേ ഉണർന്നു. കാലത്തുള്ള ദിനചര്യകൾ ഉത്സാഹത്തോടെ നടത്തി. കൃത്യം 7–30 ന് നേരത്തെ നിശ്ചയിച്ച പ്രകാരം ഞാനും എന്റെ സഹപാഠികളായ 151 കുട്ടികളും പോകാനുള്ള ഒരുക്കത്തോടെ ബസ്സിനു മുമ്പിൽ ഹാജരായി. യാത്രയ്ക്കുള്ള രണ്ടു വർമ്മാ ട്രാവൽസ് ബസ്സുകൾ ഇരച്ചുരുളികൊണ്ട് വന്നപ്പോൾ കുട്ടികളെല്ലാം ആർത്തുവിളിച്ചു. ഹെഡ്മാസ്റ്റർ, സീനിയർ എൻ. സി. സി. മാസ്റ്റർ, ഹൗസ് മാസ്റ്റർമാർ എന്നിവരെല്ലാം ഞങ്ങളുടെ യാത്രയ്ക്കുള്ള ഏർപ്പാടുകൾ അന്വേഷിക്കുവാൻ സന്നിഹിതരായിരുന്നു. രണ്ടു ക്ലാസ്സ് ടീച്ചർമാരും, രണ്ടു മേട്രൻമാരും, മൂന്നു പ്രീഫക്ടുകളുമാണ് ഞങ്ങളെ നയിച്ചത്. പതിനൊന്നു മണിക്കുള്ള നാരങ്ങാവെള്ളം, ഉച്ചഭക്ഷണം, വൈകുന്നേരത്തെ ചായ, എന്നിവയ്ക്കുള്ള സാധനങ്ങൾ ഞങ്ങളുടെ സ്കൂളിലെ ഒരു വെപ്പുകാരന്റെ ചുമതലയിൽ എട്ടു മണിയോടുകൂടി ബസ്സിൽ കയറി വിദ്യാർത്ഥികളും ബസ്സിൽ സ്ഥലംപിടിച്ചു. ബസ്സിനു മുമ്പിൽ സൈനികസ്കൂൾ കഴക്കൂട്ടം എന്ന ബോർഡുകൂടി വച്ചപ്പോൾ എനിക്കുണ്ടായ അഭിമാനം കാച്ചാനല്ലായിരുന്നു. അങ്ങനെ ഞങ്ങളുടെ ബസ്സ് ഇരച്ചുരുളികൊണ്ട് സൈനികസ്കൂളിൽനിന്നും യാത്ര ആരംഭിച്ചു. ഞങ്ങളുടെ യാത്രാപരിപാടിയിലെ ആദ്യത്തെ സ്ഥലം തിരുവനന്തപുരം മൃഗശാലയായിരുന്നു. പോകുന്നവഴി ഇറങ്ങാതെ തന്നെ ബാൽഭവൻ ഒന്നു വീക്ഷിച്ചു. പിന്നീട് സമീപത്തുള്ള ഒരു നീന്തൽക്കുളവും കണ്ടു. ബസ്സ് അതിവേഗത്തിൽ നീങ്ങവേ ഞങ്ങൾ സന്തോഷാധിക്യത്താൽ പാടിത്തുടങ്ങി. വഞ്ചിപ്പാട്ട്, സിനിമാ പാട്ട്, ഇംഗ്ലീഷുപാട്ടുകൾ അങ്ങനെ കൂട്ടത്തോടെ പാടി ബസ്സ് ശബ്ദായമാനമായി തിരുവന

അപ്പുറം പട്ടണത്തിലൂടെ പരിസരങ്ങളെ ഉണർത്തിക്കൊണ്ട് മൃഗശാലയിൽ എത്തിച്ചേർന്നു. ഞങ്ങൾ ബസ്സിറങ്ങി സൈനികസ്കൂൾ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ അച്ചടക്കത്തോടെ ഗുരുനാഥന്മാർ ടിക്കറ്റ് വാങ്ങുന്നതുവരെ കാത്തുനിന്നു. പിന്നെ വരിവരിയായി കാഴ്ചകൾ കണ്ടുതുടങ്ങി. പലതരം പക്ഷികൾ, വന്യമൃഗങ്ങൾ, പാമ്പുകൾ എന്നിവയെ കണ്ടു. വിശേഷപ്പെട്ട ഒരു ആഫ്രിക്കൻ കരടിനെ നോക്കി ഞങ്ങൾ നിന്നുപോയി. പിന്നീട് ഞങ്ങൾ ചിത്രപ്രദർശനം കാണാൻപോയി. അവിടെ ഞങ്ങൾ കൂടുതലും കണ്ടത് റോറിച്ചിന്റെ ചിത്രങ്ങളായിരുന്നു. പതിനൊന്നു മണിയോടെ നാരങ്ങാവെള്ളവും കുടിച്ചു നെയ്യാർ ഡാമിലേക്ക് യാത്രയാരംഭിച്ചു. ഞങ്ങൾ അവിടത്തെ നിരീക്ഷണസൗധത്തിലാണ് ആദ്യം കയറിയത്. അവിടെ കയറിയപ്പോൾ എനിക്കു ചുറ്റുമുള്ള അനന്തമായ പ്രദേശത്തിന്റെ ഒരു വിഹഗവീക്ഷണം കിട്ടി. ഡാമിൽനിന്നും കുതിച്ചുകൊണ്ടിരുന്ന വെള്ളം ഒരു പാൽപ്രവാഹംപോലെയാണ് എനിക്കു തോന്നിയത്. പൂന്തോട്ടത്തിലൂടെ നടന്നപ്പോൾ അവിടത്തെ പ്രതിമകൾക്ക് ജീവനുണ്ടെന്ന് എനിക്കു തോന്നിപ്പോയി. അവിടെയുള്ള ഒരു കൊച്ച് തപാലാപ്പീസിന്റെ മുറ്റത്തിരുന്ന് ഞങ്ങളെല്ലാവരും ഉച്ചഭക്ഷണം കഴിച്ചു. അല്പം വിശ്രമിച്ച ശേഷം ഞങ്ങൾ വിമാനത്താവളത്തിലേക്ക് യാത്ര തുടർന്നു. പക്ഷേ, നിർഭാഗ്യവശാൽ ഞങ്ങൾ എത്തിയപ്പോൾ വിമാനം പൊങ്ങിക്കഴിഞ്ഞിരുന്നു. ഏതായാലും അതു ചെല്ലു മീതെ വളരെ താഴ്ന്നു പറക്കുന്ന കാഴ്ച കാണാൻ സാധിച്ചു. അതിനുശേഷം സുന്ദരമായ ഒരു കാഴ്ച അക്വേറിയമായിരുന്നു. പല നിറത്തിലും തരത്തിലും വലുപ്പത്തിലും ഉള്ള മത്സ്യങ്ങളെ ഞങ്ങൾ അവിടെ കണ്ടു. യാത്രാപരിപാടിയിൽ അവസാനത്തെ സ്ഥലമായ കോവളത്ത് ഞങ്ങൾ വൈകുന്നേരം അഞ്ചുമണിക്കെത്തി. പരന്നുകിടക്കുന്ന കടൽ ദൃഷ്ടിയിൽപെട്ടപ്പോൾ കുതിച്ചുചാടി തിരമാലകളിൽ പാദം കഴുകണം എന്ന ആശ എന്റെ മനസ്സിലുണ്ടായി. പക്ഷെ മുതിർന്നവരുടെ അനുവാദം ആർക്കും ഇല്ലായിരുന്നതിനാൽ ഞങ്ങൾ വിദേശീയർ കടലിൽ നീന്തിക്കളിക്കുന്ന കാഴ്ച കൗതുകത്തോടെ നോക്കി തൃപ്തിപ്പെട്ടു. സഹപാഠിയായ വിനോദ്കൃഷ്ണന്റെ പിതാവിന്റെ സഹായത്തോടെ സുഖവാസത്തിന് വരുന്നവർക്കുള്ള താമസസ്ഥലം, നീന്തൽക്കുളം എന്നിവ കണ്ടു.

ഇതിനകം വെപ്പുകാരൻ ചായ തയ്യാറാക്കി എല്ലാവർക്കും തന്നു. ഞങ്ങൾ ഏഴു മണിയോടെ സ്കൂളിലേക്ക് തിരിച്ചു. വഴിയിൽ വിനോദ്കൃഷ്ണന്റെ വസതിക്കു മുമ്പിൽ രണ്ടു ബസ്സുകളും നിറുത്തി. വിനോദിന്റെ പിതാവ് ഞങ്ങൾക്കെല്ലാവർക്കും പഴങ്ങളും കേക്കും സമ്മാനിച്ചു. കൃതജ്ഞതാപൂർവ്വം ഞങ്ങൾ ബസ്സിലിരുന്നുതന്നെ അതു കഴിക്കുകയും ചെയ്തു. രാത്രി 8½ മണിയോടെ സൈനികസ്കൂളിൽ തിരിച്ചെത്തുകയും ചെയ്തു. അങ്ങനെ സ്മരണീയമായ ഒരു പഠനയാത്ര ഭംഗിയായി പര്യവസാനിച്ചു.





# ഒരു പേനയുടെ ആത്മകഥ

പി. സി. രതീഷ്
ക്ലാസ്സ് 8

"ഹോ, എന്തൊരു ദാഹം, യജമാനനാണെങ്കിൽ കുറച്ചു മഷി തരുകപോലും ഇല്ല.'' ഉം, നേരം വെളുക്കട്ടെ, ഞാനിന്നൊരു പാഠം പഠിപ്പിക്കും. അങ്ങനെ കാത്തിരുന്ന നേരം വെളുത്തു. കുറച്ചു കഴിഞ്ഞപ്പോൾ എന്നെ അടച്ചുവച്ചിരുന്ന പെട്ടി ആരോ എടുക്കുന്നതുപോലെയെനിക്കു തോന്നി. ഞാൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി. എന്റെ വയറ്റിൽ ഒന്നും ഇല്ലായിരുന്നതുകൊണ്ട് കുറച്ചു മഷി പുറത്തു ചാടി. പെട്ടി തുറന്ന് യജമാനൻ എന്നെ പുറത്തെടുത്തു. എന്നിട്ട് എന്റെ തൊപ്പിയെടുത്തു മാറ്റി. എന്നെക്കണ്ടപ്പോഴേ യജമാനൻ എന്തോ പിറുപിറുത്തുകൊണ്ട് എന്നെക്കുടഞ്ഞു. എന്നിട്ട് ഒരു തുണികൊണ്ട് ഞാൻ ഛർദ്ദിച്ചതെല്ലാം തുടച്ചുകളഞ്ഞു. തുണികൊണ്ട് അടച്ചു പിടിച്ചപ്പോൾ എന്റെ മേലെല്ലാം പോറി. എന്നാലും എനിക്ക് ഒരു സന്തോഷമുണ്ടായിരുന്നു. കാരണം? എനിക്കു മഷി തരുമല്ലോ എന്നു വിചാരിച്ചു. പക്ഷെ യജമാനൻ എന്റെ തൊപ്പി തലയിൽ വച്ചിട്ട് പഴയ സ്ഥലത്തുകൊണ്ടുവയ്ക്കുകയാണ് ചെയ്തത്. എനിക്കാണെങ്കിലാകെ കലികേറി. ഞാൻ എന്റെ യജമാനനെ ഒരു പാഠം പഠിപ്പിക്കാൻതന്നെ തീരുമാനിച്ചു.

ഏകദേശം ക്ലാസ്സിൽപോകാൻ സമയമായപ്പോൾ എന്നെയും എടുത്തുകൊണ്ടു പോയി. എന്നെ പെട്ടിക്കകത്തായിരുന്നു ഇട്ടിരുന്നത്. ചില സമയം എന്നെ പുറത്ത് യജമാനന്റെ പോക്കറ്റിൽ വയ്ക്കും. അപ്പോൾ കാഴ്ചകൾ കാണാൻ സാധിക്കുമായിരുന്നു. പക്ഷെ ഇപ്പോഴോ കുറച്ചു വെളിച്ചംപോലും കാണാൻ സാധിക്കുന്നില്ല. എന്നെ പുറത്തെടുക്കാൻ വേണ്ടി ഞാൻ നിലവിളിച്ചു. പക്ഷെ ആരു കേൾക്കാൻ? കേട്ടാൽ തന്നെയും പേനകളല്ലാതെ എന്റെ ഭാഷ മനസ്സിലാക്കാൻ പറ്റുമോ?

അങ്ങനെ ക്ലാസ്സിലെത്തി. ഞാനെന്റെ കൂട്ടുകാരുടെ കൂടെ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ എന്നാലുംകൊണ്ട് എന്തോ എഴുതാൻ യജമാനൻ എന്നെയെടുത്തു. പക്ഷേ, എന്റെ വയറ്റിൽ സ്വല്പം മഷി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ഞാൻ അറിയാതെ ബുക്കിലേക്ക് ഛർദ്ദിച്ചു. ബുക്കിൽ മുഴുവൻ മഷിയായി. യജമാനനാകപ്പാടെയങ്ങു കലികേറി. അദ്ദേഹം അദ്ധ്യാപകന്റെ മേശപ്പുറത്തുനിന്നു ഒരു ചോക്ക് എടുത്തുകൊണ്ടുവന്ന് ബുക്കിലെ മഷി തുടച്ചുകളഞ്ഞു. എന്നിട്ട് എന്നെ അവിടെ വച്ചിട്ട് വേറെ ഒരു കുട്ടിയുടെ കയ്യിൽനിന്ന് മഷി മേടിക്കാൻ പോയി. എങ്ങിനെയോ ആരോ യജമാനന്റെ മേശയിൽ തട്ടി ഞാൻ നിലംപതിച്ചു. എന്തായി ഫലം? എന്റെ രണ്ടു പല്ലും ഒടിഞ്ഞു. എന്നാലും നാക്കിന് കഷ്ടമൊന്നും പറ്റിയില്ല. പിന്നെയെന്നെ അടച്ചുവച്ചിട്ട് വേറെ ആരുടേയോ പേനകൊണ്ടെഴുതി. അവസാനം വീട്ടിലെത്തി

പിന്നെ എന്നെ യജമാനൻ അദ്ദേഹത്തിന്റെ അച്ഛനായ പേനഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി. പിന്നെയെന്റെ പല്ലെടുത്തു മാറ്റിയിട്ട് വേറെ പുതിയ പല്ലുവച്ചുതന്നു. എനിക്കു വളരെ സന്തോഷമായി. എന്നിട്ട് എനിക്കു വയറു നിറയെ മഷിതന്നു പിന്നെ എന്നെ പരിശോധിക്കുവാൻവേണ്ടി ഒന്നെഴുതി നോക്കി. എന്നിട്ട് യജമാനന്റെ അച്ഛൻ പറഞ്ഞു, വീഴ്ചയുടെ ഫലമായി ലീക്ക് തുടങ്ങി,'' എന്ന്. പിന്നെ യജമാനൻ എന്നെയെടുത്തു മേശക്കകത്തിട്ടു. എന്റെ വയറാകെ നിറഞ്ഞതുകൊണ്ട് ഞാൻ സന്തോഷിച്ചു. പക്ഷെ പിന്നെയാണ് മനസ്സിലായത് എന്നെക്കൊണ്ടു കൊള്ളുകില്ലാഞ്ഞിട്ട് എന്നെ മേശക്കകത്തു ഇട്ടിരിക്കുകയാണെന്ന്.

മേശ തുറക്കുമ്പോഴൊക്കെ ഞാൻ വിചാരിക്കും, എന്നെയെടുക്കുവാനാണെന്ന്. പക്ഷെ എന്തു ഫലം? എന്നെക്കൊണ്ട് ഒന്നിനും കൊള്ളുകില്ലാതായിപ്പോയല്ലോ.

# "ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ"

ഡി. ശ്രീകുമാർ
ക്ലാസ്സ് 8

"കുട്ടപ്പാ......ാ......ാ എടാ കുട്ടപ്പാ എവിടെപ്പോയി കിടക്കുകയാണോ ഈ നശൂലം പിടിച്ചവൻ'' എന്ന വിളിയോടു കൂടി കഥാനായികയായ മിസ്സിസ് നാണി ശങ്കരൻ രംഗപ്രവേശം ചെയ്തു. വിളികേട്ട സന്തതി കുട്ടപ്പനും രംഗത്തെത്തി. ''ഇരുന്നു ചൊറി കുത്താതെ നാലുതൊട്ടി വെള്ളം തിളപ്പിക്കെടാ എനിക്ക് ചന്തനാരി വരെ പോണം.'' നാണിയമ്മ കല്പിച്ചു. കുട്ടപ്പൻ മുറുമുറുത്തുകൊണ്ട് കിണററു കരയിലേക്കും നാണിയമ്മ അകത്തേക്കും നടന്നു.

കഥാനായികയായ നാണിയമ്മ കന്നുനാടത്തെ വീട്ടമ്മമാരുടെ (പരദൂഷണക്കാരുടെ) സന്തതസഹചാരിയാണ്. ''നാണിയക്കൻ എന്ന പേരിലാണ് അവർ പോപ്പുലർ. (വയർലെസ്സ് എന്നു പറഞ്ഞാലും മതി.) പരദൂഷണമാണ് പ്രധാന തൊഴിൽ പിന്നെ വീട്ടമ്മമാർക്ക് നെല്ലുകുത്തൽ, പാത്രം കഴുകൽ എന്നീ ചില്ലറ ജോലികളും അവർ ചെയ്തുകൊടുക്കാറുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെ സർക്കീട്ട് ആകയാൽ മീൽസ് എല്ലാം പലേടത്തുനിന്നും കിട്ടും. അവരുടെ 'ഹസ്സ്'' ആണ് ശ്രീമാൻ ശങ്കരൻ നായർ. പുള്ളി പല ബിസിനസ്സും ചെയ്തു നോക്കിയിട്ടുണ്ട്. പക്ഷേ എല്ലാം നഷ്ടത്തിൽ കലാശിച്ചതേയുള്ളൂ. എന്നാലും എന്തുപറഞ്ഞാലും ''താൻ വല്ലോം സമ്പാദിച്ചു വച്ചിട്ടുണ്ടോ'' എന്നു നാണിയമ്മ മുഖത്തടിച്ചു ചോദിക്കുന്നതിൽ അയാൾക്ക് പ്രതിഷേധമുണ്ട്. പക്ഷേ എന്തുചെയ്യാൻ പററും. ഈ ദമ്പതികൾക്ക് ആകെ ഉള്ളതാണ് മുടിയനായ പുത്രൻ കുട്ടപ്പൻ.

നാണിയമ്മ പല്ലുതേച്ചുകൊണ്ട് നില്ക്കുമ്പോഴാണ് അവരുടെ 'കോന്തൻ' ആവശ്യം ഉന്നയിച്ചത്. അദ്ദേഹത്തിന് ഒരു മുണ്ട് വേണമത്രേ. അവരോ ആശ്രയിക്കയേ തരമുള്ളു. ആവശ്യം അനുവദിക്കപ്പെട്ടു. അപ്പോഴാം കുട്ടപ്പൻ വെള്ളം ചൂടായ വിവരം അറിയിച്ചു. എണ്ണയും താളിയുമെടുത്ത് അവർ ബാത്ത്റൂമിലേക്ക് അന്നനടവച്ചു. നാലഞ്ചുമിനിററായിക്കാണും, ഒരു ഇടിവെട്ടുന്ന ശബ്ദം കേൾക്കാൻ തുടങ്ങി. കാര്യം മനസ്സിലായില്ലേ? ദൈവസഹായം (ഗോഡ്സ് ഹെൽപ്പ്) എന്നു പേരുള്ള ശകടമാണ്.

നാണിയമ്മ കുളിമുറിയുടെ പുറത്തെത്തിയപ്പോഴേ ആ ലൈൻ ബസ്സ് അവരുടെ വീട്ടുപടിക്കൽ എത്തിയുള്ളൂ. ''എടാ കുട്ടപ്പാ അതൊന്നു നിർത്താൻ പറയെടാ'' എന്നു പറഞ്ഞ് അവർ അകത്തേക്ക് കയറി. ''അമ്മ പറഞ്ഞു വണ്ടി നിർത്താൻ'' എന്നു പറഞ്ഞു അവൻ റോഡിലേക്കോടി. മുമ്പോട്ടുപോയ വണ്ടി റിവേഴ്സ് അടിച്ച് നാണിയക്കന്റെ വീട്ടിനു മുമ്പിൽ വന്നുനിന്നു.



ദൈവസഹായക്കാർക്ക് നാണിയമ്മയെ സത്യം പറഞ്ഞാൽ ഭയമാണ്. ഒന്നു രണ്ടു തവണ ധീരന്മാരാകാൻ ശ്രമിച്ചെങ്കിലും അവരുടെ വായിൽ നിന്നുതിർന്ന വാഗ്ധോരണിയിൽ എല്ലാം മുങ്ങിപ്പോയി. നാണിയക്കൻ കയറിപ്പോയിട്ട് ഏതാണ്ട് പതിനഞ്ചു മിനിററായി. വണ്ടി ശ്വാസംവിടാതെ കിടക്കുകയാണ്. ശ്വാസം വിട്ടാൽ പിന്നെ തിരിച്ചെടുക്കാൻ ദൈവസഹായംതന്നെ വേണ്ടിവരും. ഒരു മണിക്കൂർ നിന്നു തുള്ളിയാലേ അതൊന്നു നടക്കൂ. ബസ്സിലുണ്ടായിരുന്നവർ നാണിയമ്മയെ ശപിക്കാൻ തുടങ്ങി. അല്ലാ! ആരാണ്? ഒരു കൊച്ചു മദാമ്മയല്ലേ വീട്ടിനുള്ളിൽ നിന്നിറങ്ങി വരുന്നത്? ഉഴുന്നവട വെച്ചുകെട്ടിയ തലമുടി, പൗഡർ പൂശിയ മുഖം, ലിപ്സ്റ്റിക്കിട്ട ചുണ്ടുകൾ, ഇറക്കം കുറഞ്ഞ കൈയില്ലാത്ത ബ്ലൗസ്, ഫോറിൻ സാരി, സ്വർണ്ണമാല തുടങ്ങിയവയാൽ വിഭൂഷിതയായ നാണിയമ്മ ഹൈഹീൽസിൽ കയറി ബാലൻസു ചെയ്തു നടന്നു. അവർ അന്നനടവെച്ച് ബസ്സിൽ കയറി ഇരുന്നപ്പോൾ കാളയെപ്പോലെ അമറ് അമറിയിട്ട് "ഗോഡ്സ്ഹെല്പ്" നിരങ്ങി, ടിക്കററടുക്കാൻ ധൃതയോടെ വന്നെത്തിയ കണ്ടക്ടർക്ക് ടിപ്പും മററും കൊടുത്ത് തന്റെ പ്രഭാവം കാണിച്ചു. വണ്ടി മുക്കിമൂളിക്കൊണ്ടിരുന്നപ്പോൾ നാണിയക്കന്റെ വാചകമടി ഇടയ്ക്കിടെ ഉയർന്നുകൊണ്ടേയിരുന്നു. മന്ദംമന്ദം കവലയിലെത്തിയ ബസ്സ് അല്പനേരത്തേക്ക് ഒന്നു നിർത്തി. കഷ്ടപ്പാടായല്ലോ! വണ്ടി സ്റ്റാർട്ട് ചെയ്യുന്നില്ല. എല്ലാവരും ഇറങ്ങി തള്ളാൻ കണ്ടക്ടർ ആഹ്വാനം ചെയ്തു. പക്ഷെ നാണിയക്കനു സ്ഥാനചലനമൊന്നുമുണ്ടായില്ല. ''തള്ള, തള്ള്, തല്ലിപ്പൊളി....'' എന്ന പാട്ട് ഒത്ത് എല്ലാവരും കഷ്ടപ്പെട്ട് തള്ളിയപ്പോൾ പാടി.

അതിനിടയിൽ ഒരാൾ പറഞ്ഞു, ''ഏതു പെമ്പ്രന്നോരോ ഒന്നാണ്ടി നിന്നേ നിങ്ങളുവിടിരിക്കുന്ന കൊണ്ടോ......'' അയാളെ നിർത്താൻ സമ്മതിച്ചില്ല, ഒരു അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിച്ചു. ''ആരാടാ അതു്? ഇതു തന്റെ അമ്മായിയപ്പൻ സമ്പാദിച്ചതു വല്ലതുമാണോ? പൈസാ കൊടുത്ത് ടിക്കറെറടുത്തിട്ടാ ബസ്സിൽക്കയറിയിരിക്കുന്നതു്. ആർക്കാടാ ഇതു എതിർപ്പ്?'' നാണിയക്കൻ വീരവാദം മുഴക്കി. ആർക്കും എതിർപ്പുണ്ടായില്ല. അവസാനം വണ്ടിയൊന്നു സ്റ്റാർട്ടായി. എല്ലാവരും വണ്ടിയിൽ ചാടിക്കയറി. വണ്ടിവിട്ടു. ശ്രീമതി നാണിശങ്കരൻ ഇന്നലും ടെമ്പറിലാണ്. ആളുകൾ ഒന്നും മിണ്ടാതെ യാത്ര തുടർന്നു. മുക്കൂട്ടുപടിക്കവലയിൽ വെച്ച് വണ്ടി നിർത്തി അപ്പോൾ സ്ഥലത്തെ കേഡി ഇടിയൻ വറീതു് മീശയും പിരിച്ചുകൊണ്ട് വണ്ടി കേറാൻ വന്നു. അയാളും സ്ഥലത്തെ പ്രധാന ദിവ്യനാണ്. അപ്പോൾ നാണിയമ്മ തല വെളിയിലേക്കിട്ട് ഒന്നു നീട്ടിത്തുപ്പി. വറീതു് വണ്ടിയിൽ കാലെടുത്തു വെച്ചതും നാണിയക്കൻ തല വലിച്ചതും ഒന്നിച്ചായിരുന്നു. നാണിയക്കന്റെ ഉഴുന്നവട ബെല്ലു ചരടിൽ ഉടക്കി, ബെല്ല് അടി. വണ്ടി വിടാൻ നോക്കിയിരുന്ന ഡ്രൈവർ ഒരൊററ വിടീൽ! ''പൊത്തോ''! ഒരു ശബ്ദം. സ്ഥലത്തെ പ്രധാന ദിവ്യൻ 'ഇത്തപ്പടിനോ' എന്നു റോഡിൽ വീണതാണ് കാണികൾ കണ്ടതു്. ഇതെല്ലാം നിമിഷത്തിൽ സംഭവിച്ചു. നാണിയക്കൻ ഉഴുന്നവടക്കുവേണ്ടി പിന്നീടും തല വലിച്ചു. ''ടിങ്ങ്, ടിങ്ങ്'' വണ്ടി ഒരു ഞരക്കത്തോടെ നിന്നപ്പോൾ നാണിയക്കന്റെ തലമുടി തിരികെ വന്നു. വറീതിനിതിൽ പരം ഒരപമാനമുണ്ടോ? ഗട്ടറിലാണ് വീണതു്. അയാൾ ചാടിയെഴുന്നേററു. അതാ അല്പം അകലെ ബസ്സ് നിർത്തിയി

രിക്കുന്നു. അയാളും അങ്ങോട്ട് പറഞ്ഞു. പൊതുജനം വീർപ്പടക്കിനിന്നു. എന്തും സംഭവിക്കാനും, സംഭവിക്കാതിരിക്കാനും സാധ്യതയുണ്ട്. ചിലപ്പോൾ കൊലപാതകം തന്നെ നടന്നേക്കാം. വറീത് ബസ്സിൽ ചാടിക്കയറി. കണ്ടക്ടറെ പിടിച്ചുവലിച്ചു താഴെയിട്ടുതട്ടി റോഡിലേക്ക് തള്ളിയിട്ടു. ഇതുകണ്ടു പരിഭ്രമിച്ച ഡ്രൈവർ വണ്ടി ഒരൊററ വിടീൽ! വറീത്, പാവം കണ്ടക്ടറുടെ പുറത്തു കയറിയിരുന്ന് ഇടിച്ചുവശനാക്കി. പാവം! അയാളും ദേഹത്തു നീരുവെച്ച് രണ്ടാഴ്ച കഴിഞ്ഞാണത്രേ ആശുപത്രിയിൽ നിന്നിറങ്ങിയത്. നിരപരാധിയായ അയാളും ഇടികൊള്ളുന്നതും മററും നോക്കി നാണിയക്കൻ, ''ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ'', എന്ന മട്ടിൽ ഇരുന്നു. ഇതെല്ലാം കണ്ടും കേട്ടും അമർഷം പൂണ്ടിരുന്ന മര്യാദരാമൻ കേശവപിള്ള പൊട്ടിത്തെറിച്ചു. ''എന്തോന്നാ പെമ്പ്രന്നോരേയിത്? ഒള്ള കൊഴപ്പോക്കെ കാണിച്ചിട്ട് മിണ്ടാതിരിക്കാ, ആള് കൊള്ളാമല്ലോ!'' ഈ കാര്യങ്ങളെല്ലാം മററു പലരും കണ്ടിരുന്നെങ്കിലും മിണ്ടാൻ ധൈര്യമുണ്ടാകാത്തതാണ് വാസ്തവം. ഇപ്പോൾ പലർക്കും ധൈര്യമുണ്ടായി. ബസ്സിൽ മുറുമുറുപ്പുണർന്നു. നാണിയമ്മയുടെ രോഷം പതഞ്ഞുപൊങ്ങി. ജീവിതത്തിലാദ്യത്തേതെന്നു പറയാവുന്ന ശക്തമായ ഒരു തിരിച്ചടി. പക്ഷേ അതു വർ അടക്കിവെച്ചു. വണ്ടി മുമ്പോട്ടു നീങ്ങിക്കൊണ്ടേയിരുന്നു. ആ ശകടം ടൗൺ സ്പോർട്ട് ബസ്സ് സ്റ്റാൻഡിന്റെ മുമ്പിലെത്തിയപ്പോൾനിന്നു. മര്യാദരാമൻ കേശവപിള്ള എഴുന്നേററു. കൂടെ നാണിയമ്മയും. ആദ്യം ഇറങ്ങിയതു നാണിയമ്മയാണ്. കേശവപിള്ള ബസ്സിൽനിന്നു കാലു താഴെ വച്ചില്ല. നടുക്കവലയിൽ നിന്നൊരു ഗർജ്ജനം ''എടാ, പട്ടീ,....നീയാരാ എന്റെ കാറം നോക്കാൻ. നിന്റെ തന്ത സമ്പാദിച്ചതു വല്ലതുമാണോടാ ഇത്?...''പിന്നെ ഒരു നീണ്ട തെറിയിൽ ഒരു അപൂർണ്ണവിരാമം ഇട്ടു. വെളിയിലേക്ക വച്ച കാൽ അതേപടി കേശവപിള്ള തിരിച്ചെടുത്തു. ആ വണ്ടി ഇരച്ചുകൊണ്ടു മുന്നോട്ടോടി. ആ ഇരമ്പലും കവിഞ്ഞുയർന്നുകൊണ്ടിരുന്നു നാണിയമ്മയുടെ ഗർജ്ജനം........

കുളത്തിലെപ്പാഴ്ക്കിടെനീരിലല്ല
കൂത്താടിയില്ലുന്നതു ലോകമിപ്പോൾ

ഉള്ളൂർ





# പശ്ചാത്താപം

ബി. എസ്. കൃഷ്ണകുമാർ
ക്ലാസ്സ് 8

അന്നു ഞാൻ മുററത്തു കേളികളാടവേ
വന്നു കളകളഗാനവുമായ്,
ഒന്നിനും ചിട്ടയും മട്ടുമില്ലെങ്കിലും
സുന്ദരമാമൊരു പക്ഷിക്കൂട്ടം
കലപിലകൂട്ടി പറന്നെന്നരികത്തു
പലപല കാര്യങ്ങളോതിയവർ
കൗതുകമേറി കാഴ്ചകണ്ടൊന്നിനെ
കൈവശമാക്കാൻ കൊതിച്ചുപിന്നെ
പൊട്ടിവിടരും പ്രതീക്ഷയുമായി ഞാൻ
കല്ലുകരം കൈക്കുള്ളിലേന്തി നിന്നു
ഒന്നിൻറവകാശിയാകുവാൻ മോഹിച്ചു
കല്ലുകളാഞ്ഞു വലിച്ചെറിഞ്ഞു
തൽഫലം വീണുകിടക്കുന്നിതാ മുന്നിൽ
പൊന്നോമയാകുമീ ഭൂമിതന്നിൽ!
രക്തത്തിൽ സ്നാനം കഴിച്ചുകിടക്കുന്നു
ഞെട്ടററുപോയൊരു പൂവുപോലെ.
വേണ്ടിയിരുന്നില്ലതെന്നു തോന്നുന്നിപ്പോൾ
സങ്കടംകൊണ്ടിനിയെന്തുകാര്യം?
എങ്കിലും കണ്ണുനിറഞ്ഞുമിടറിയും
സങ്കടപ്പെട്ടുഞാൻ നിന്നുപോയി.

# ഒരു ശുനകന്റെ ആത്മകഥ

ബിജോയ് ജോർജ്ജ് ഉമ്മൻ
ക്ലസ്സ് 8

**ഞാൻ** ജനിച്ചത് ഒരു വലിയ ബംഗ്ലാവിന്റെ ഗാരേജിലായിരുന്നു. എന്റെ യജമാനന്റെ (മുഖം കണ്ടാൽ യമന്റെ അവതാരം എന്നു തോന്നും) വീട്ടിന്റെ വരാന്തയാണ് എന്റെ ജനനത്തിന് സാക്ഷിയായത്. ജനിച്ചു വീണ ഉടനെ എന്റെ അമ്മ എന്നെ നക്കിത്തുവർത്തി. പഴയ ഓർമ്മകളുടെ ഒരു ചെറിയ പടലംമാത്രം എന്റെ മനസ്സിൽ ഇന്ന് അവശേഷിക്കുന്നു.

ഞാൻ ആറുമാസം പ്രായമായതോടെ യജമാനൻ അൻവർ സാഹബ് എനിക്കൊരു പുതിയ തുകൽ കോളർകൊണ്ടുവന്നു. ആദ്യം എനിക്കതു പിടിച്ചില്ലെങ്കിലും കാലാന്തരത്തിൽ അത് എനിക്ക് പരിചിതമായി. എന്റെ രോമാവൃതമായ പുറം തടവുവാൻ മനോജ് മോനും മോളിക്കും എന്തിഷ്ടമാണെന്നോ!

എന്റെ അമ്മ പറഞ്ഞു മനുഷ്യരെപ്പോലെ പട്ടികൾ കൈ കൊടുക്കുകയില്ലെന്നും, പകരം പരസ്പരം കണ്ടുമുട്ടിയാൽ മൂക്കുമണത്തു സൗഹൃദം അറിയിക്കുമെന്നും. ഒരിക്കൽ എനിക്കൊരമളി പറ്റി. ഞാൻ ജോലിയില്ലാതെ നടന്നുകൊണ്ടിരുന്നപ്പോൾ ഒരു ചപ്പടപ്പട്ടി വന്നു; അവൻ മുരണ്ടു. ഞാൻ വാലാട്ടി. ഞാൻ അടുത്തു ചെന്ന് മൂക്കുമണക്കാൻ ശ്രമിച്ചു. 'ടക്' ഒറ്റ കടി. അവനെന്റെ മൂക്കിൽ കടിച്ചുപിടിച്ചു. അവനാകട്ടെ എന്നേക്കാൾ മുതിർന്ന ഒരു പട്ടിയായിരുന്നു. ഞാനും വിട്ടില്ല. ഞാൻ ആ പട്ടിയുടെ ചെവിക്കു കടിച്ചുപിടിച്ചു. അവൻ കടി വിട്ടു. അതിനെത്തുടർന്ന് ഞാനും. അവനെന്നെ ഇഷ്ടമായെന്നു തോന്നുന്നു. ഞാൻ വീട്ടിലേക്കു നടന്നു. പട്ടികളുടെ സമൂഹത്തിൽ ഞാൻ സമ്മതനായെന്ന് എനിക്കു തോന്നി. മനോജ് മോനും മോളിയും കൂടെ എന്നെ സോപ്പുവെള്ളത്തിൽ കളിപ്പിച്ചു. ഓ! എന്തൊരാനന്ദം. ഞാൻ സോപ്പുവെള്ളത്തിൽ കയ്യിട്ടു തട്ടി. ദാണ്ടെ മനോജ് മോൻ കണ്ണു തുടയ്ക്കുന്നു. ഞാൻ മോന്റെ കാൽക്കൽ പോയി നക്കി മുകളിലോട്ടു നോക്കിയിരുന്നു. "ഹ! ഹ! ഹ! കണ്ടില്ലേ അവൻ സോറി ചോദിക്കുന്നത്." മോളി ചിരിച്ചു. മനോജ് മോനും ചിരിച്ചു. എനിക്കും സന്തോഷമായി.

ഓ! എന്റെ പേരു പറയാൻ മറന്നുപോയി. റെക്സ് എന്നായിരുന്നു കേട്ടോ. ഞങ്ങളുടെ കാറിന്റെ മുകളിൽ കിടന്നുറങ്ങുകയാണ് എന്റെ ഹോബി. ഒരുദിവസം ഞാൻ വെയിലും കാഞ്ഞ് ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ആരോ വന്നു ദേഹമാകെ മാന്തി. ശെടാ! ചപ്പിട്ടേ, ഞാൻ കണ്ണു തുറന്നു. അപ്പോൾ ഒരു ചക്കിപ്പൂച്ച അമ്മാവി, മേ! മേ! എന്നു വെയ്ക്കുന്നു. എന്റെ സിരകളിൽ രോഷം ഇരച്ചുകയറി. ഞാൻ ചാടിയെഴുന്നേറ്റ് അവളുടെ പിറകെ ഓടി അങ്ങേപ്പറമ്പിൽക്കയറി. അവളും ഒരു മാവിൽ കയറി, ഞാൻ താഴെനിന്നു കുരച്ചു. ദൂരെ കുറെ ആടുകൾ മേയുന്നുണ്ടാ



യിരുന്നു. ഞാൻ അവറ്റെ നേരെ ഓടി. ആ ആടുകൾ പ്രാണരക്ഷാർത്ഥം നാലു പാടും പാഞ്ഞു. എനിക്കു രസം കയറി. അവർ എത്ര പേടിത്തൊണ്ടന്മാരാണ്. ശെടാ! എന്തൊരു ചൂട് ഈ വെളുത്ത തടിയന്മാർ എത്ര ഭയമാണ് കാണിക്കുന്നത്. ഞാൻ പിന്നെയും അവരെ പേടിപ്പിക്കുവാൻ കുരച്ചുകൊണ്ട് അവർക്കു നേരെ ചാടി. ഞാൻ നടുങ്ങി. ഒരു കപ്പടാമീശക്കാരൻ ഒരു നീണ്ട വടിയും ചൂണ്ടിനില്ക്കുന്നു. അയ്യോ! ഇതു വേറെ പറമ്പാണ്! ഞാൻ തിരിഞ്ഞോടി. ഠേ! ഠേ! വെടി പൊട്ടി. ഞാൻ വേലിക്കുള്ളിൽ മറഞ്ഞു. കാലിനൊരു വേദന. ഞാൻ ചട്ടി ചട്ടി വീട്ടിലേക്കു നടന്നു.

എനിക്ക് ഇപ്പോൾ ഒന്നരവയസ്സായി. എന്റെ കോളറിൽ യജമാനന്റെ ഫോൺ നമ്പർ ഉണ്ടായിരുന്നു. എന്നെ ഇപ്പോൾ പൂട്ടിയിടാറുണ്ട്. ഒരിക്കൽ ഒരു മൃഗഡോക്ടർ വന്ന് എന്നെ കുത്തിവച്ചു. കുത്തിവെച്ചതും ഞാൻ അദ്ദേഹത്തിന്റെ കണ്ണടയുമായി കച്ചിത്തുറുവിന്റെ മുകളിൽ കയറി. മനോജ്മോനും മോളിയും എന്നെ വിളിച്ചപ്പോൾ ഞാൻ താഴെയിറങ്ങി കണ്ണട തിരിച്ചുകൊടുത്തു.

ഞാൻ കാറിന്റെ മുകളിൽ കയറി. അറിയാതെ മയക്കത്തിലേക്ക് ഞാൻ വഴുതിവീണു. ഞാൻ ഉണർന്നപ്പോൾ കാർ ഓടുകയാണ്. അതു ഡോക്ടറുടെ കാറായിരുന്നെന്ന് എനിക്കു മനസ്സിലായി. കാർ ഒരു വീട്ടിൽനിന്നു. എന്നെ കണ്ട കണ്ണാടി ഡോക്ടർ എന്നെ സീറ്റിലിരുത്തി എന്റെ വീട്ടിൽ തിരിച്ചുകൊണ്ടുവിട്ടു. പെട്രോൾ ചെലവ് കണ്ണാടി സാറിനാണല്ലോ. എനിക്കു പുള്ളിയെ ഇഷ്ടപ്പെട്ടു.

ഒരുദിവസം യജമാനൻ എന്നെ വേട്ടയ്ക്കുകൊണ്ടുപോയി. ഠേ! അതാ ഒരു മുയൽ. ഞാൻ ഓടിച്ചെന്ന് അതിനെ കടിച്ചുകൊണ്ടുവന്നു. യജമാനൻ അതിനെ സഞ്ചിയിലിട്ടു. ഞങ്ങൾ മൃഗങ്ങളെയും പക്ഷികളെയും വേട്ടയാടി നടന്നപ്പോൾ കാണും ഒരു പുലി. ഞാൻ മുരണ്ടു. യജമാനൻ തോക്കു പൊക്കി. ഠേ! പുലി താഴെ. ഞാൻ കടിച്ചെടുക്കാൻ ഓടിച്ചെന്നപ്പോൾ അവൻ തിരിഞ്ഞോടി. പിന്നെയൊന്നും എനിക്കോർമ്മയില്ല.

ഇപ്പോൾ ഞാൻ പൂർണ്ണാരോഗ്യവാനാണ്. ഞാൻ വേട്ടയുടെ ബാലപാഠം എന്നും ഓർക്കും. ഞാൻ ഇപ്പോഴും ഗാരേജിൽനിന്ന് വെളിയിലേക്കു നോക്കി ചൂടു കായുന്നു.

ഹാ, വർത്തമാനത്തെയിട്ടു ചീയിയ്ക്കയോ
ഭാവിക്കടയ്ക്കൽ വളംവച്ചുകൊള്ളുവാൻ!—

വള്ളത്തോൾ

# കഥയെഴുത്ത്

പി. ബി. പ്രസാദ്
ക്ലാസ്സ് 8

ഞാൻ ആ നില്പ് തുടങ്ങിയിട്ട് ഏകദേശം ഒരു മണിക്കൂറോളമായി. ഞാൻ ബാലയുഗം ഏജന്റിനെയും കാത്ത് നിൽക്കുകയായിരുന്നു. കഴിഞ്ഞ മാസം ഞാൻ അയച്ച ഒരു കഥ അച്ചടിച്ച് വരുമെന്നുള്ള പ്രതീക്ഷയിലാണ് ഞാൻ നിൽക്കുന്നത്. കാണുന്ന എല്ലാവരോടും ഞാനത് അടിച്ചു വിട്ടിരുന്നു.

ഏതായാലും ഇന്ന ബാലയുഗം വരും. എല്ലാവരെയും താനെഴുതിയ കഥ കാണിച്ചുകൊടുക്കാമല്ലോ. ഭാഗ്യം! അതാ സൈക്കിളിന്റെ ബെൽ കേൾക്കുന്നു. കൃത്യസമയത്തു തന്നെയെത്തിയതിൽ അയാളെ മനസാ പുകഴ്ത്തിക്കൊണ്ട് ഞാൻ റോഡിലേക്കോടിച്ചെന്നു. അയാളും തന്റെ വളിച്ച ചിരി പ്രദർശിപ്പിച്ചുകൊണ്ട്, എനിക്ക് ബാലയുഗം എടുത്തുതന്നു.

ഞാൻ അതും കൊണ്ട് വീട്ടിലേക്കോടി. എന്റെ കഥ എവിടെ ആണെന്ന് ഞാൻ മറിച്ചുനോക്കി. കാണുന്നില്ല! ഒന്നുകൂടി നോക്കി കാണുന്നില്ല! വല്ല പേജും ഒട്ടിയിരിപ്പുണ്ടോ എന്നു നോക്കി. ആരും അടുത്തെങ്ങും ഇല്ലാത്തത് ഭാഗ്യം. ആരെങ്കിലും വരുന്നതിനുമുമ്പ് ഇവിടെ നിന്ന് രക്ഷപ്പെടുന്നതാണ് നല്ലത്.

ഞാൻ ആ മുറിയിൽനിന്നു വലിഞ്ഞു. "ദുഃഖിതരേ, പീഡിതരേ, നിങ്ങളും കൂടെ വരൂ". അനുജൻ പാടുകയാണ്. എന്നെ കളിയാക്കാനായിരിക്കുമോ? ഞാൻ സംശയിച്ചു.

ഏതായാലും ഇന്ന് ഒരു ഉഗ്രൻ കഥയെഴുതിക്കളയാം. ഞാൻ തീരുമാനിച്ചു.

കഥയെഴുതുവാൻ വേണ്ടിയുള്ള പേപ്പർ എടുക്കുവാൻ വേണ്ടി ഞാനൊരു ബുക്കെടുത്തു. അതു തുറന്നപ്പോൾ അതിനകത്തു നിന്ന് പാററ, തേൾ മുതലായ ക്ഷുദ്രജീവികൾ ഇറങ്ങി ഓടുന്നതു കണ്ട് ഉടക്കംതന്നെ ഉത്തുകനാണല്ലോ എന്നു ഞാൻ മനസ്സിൽ ഓർത്തു. ഇനിയും വല്ലതും ഒളിച്ചിരിപ്പുണ്ടോ എന്നറിയുവാനായി ഞാൻ ആ ബുക്ക് തറയിലിട്ടൊന്ന് തട്ടി. പക്ഷേ ആദ്യത്തെ തട്ടിന് തന്നെ അതിന്റെ പകുതി അടർന്നുപോയി.

ഓ! ഡി. ഡി. റ്റി. തിന്ന് ശക്തി വച്ചിരിക്കുന്ന ചിതൽ ഇതിനെ ആക്രമിച്ചതായിരിക്കും, കാരണം. ഞാൻ വേറൊരു ബുക്ക് എടുത്തു. ഭാഗ്യത്തിന് ഇതിന് കുഴപ്പമൊന്നും ഉണ്ടായില്ല. ആ ബുക്ക് ഉണ്ടാക്കാൻ പേപ്പർ കൊടുത്തു സഹായിച്ച കേരളാ ഗവർമ്മെന്റിനെ ഞാൻ മനസാ അഭിനന്ദിച്ചു.

ഞാൻ രണ്ടുമൂന്നു പേപ്പർ കീറിയെടുത്തു. ഓ! എഴുതാൻ പേനയില്ലല്ലോ. ഞാൻ പേന തിരയാൻ തുടങ്ങി. നാശം എന്റെ പേന കാണുന്നില്ല.



ഭാഗ്യത്തിന് അവസാനം കിട്ടി. പക്ഷേ അനുജന്റെ പേനയാണെന്നേയുള്ളൂ കുഴപ്പം. ഏതായാലും ഞാൻ കഥയെഴുതുവാൻ തയ്യാറായി.

നാശമേ. അതാ അനുജൻ വരുന്നു. പേന അവന്റേതാണെന്ന അവകാശവുമായി അവൻ അതെടുത്തുകൊണ്ടുപോയി. രണ്ടു കൊടുക്കണമെന്ന് തോന്നി. അടിയന്തിരാവസ്ഥയായതുകൊണ്ട് വെറുതെ വിടാമെന്ന് ഞാൻ വിചാരിച്ചു. ഞാൻ പിന്നെയും പേന തിരയാൻ തുടങ്ങി.

ഭാഗ്യം! കഴിഞ്ഞ നൂറ്റാണ്ടിലേതെന്ന് തോന്നിക്കുന്ന ഒരു പേന ഇരിക്കുന്നു. ഏതായാലും അതു വച്ച് എഴുതിക്കളയാം. ഞാൻ തീരുമാനിച്ചു.

എഴുതിയാൽ മതിയല്ലോ. ഭംഗിനോക്കണോ? ഞാൻ സമാധാനിച്ചു. ഏതായാലും ഞാൻ അതെടുത്ത് തുറന്നു. അപ്പോഴാണ് മനസ്സിലായത് അതിന് നിബ്ബ് എന്ന് പറയുന്ന സാധനം ഇല്ലെന്ന്.

അതിനെ എടുത്തെറിഞ്ഞു കൊടുക്കുവാനുള്ള ദേഷ്യം ഉണ്ടായിരുന്നു. പക്ഷേ എറിഞ്ഞില്ല. കാരണം വല്ല പുരാവസ്തു ഗവേഷകരുടെ കൈയിൽ കൊടുത്താൽ പൈസ കിട്ടുമല്ലോ എന്നോർത്തു. ഏതായാലും ഞാൻ നിരാശനായില്ല. ഇനിയും വല്ല പേനയും ഉണ്ടോ എന്നു നോക്കി. ഒരു രക്ഷയുമില്ല. അങ്ങനെ വിടാമോ? ഞാൻ വീണ്ടും തിരക്കാൻ തുടങ്ങി. ഭാഗ്യം! എന്റെ പേന തന്നെ കിട്ടി. സന്തോഷപൂർവ്വം ഞാൻ എടുത്തു. പക്ഷേ തുറന്നപ്പോൾ നെഞ്ചുതകിപ്പോയി. അതിന്റെ നിബ്ബിന്റെ പകുതി ആരോ ഒടിച്ചിരിക്കുന്നു.

എനിക്ക് ദേഷ്യം സഹിച്ചില്ല. ഞാൻ പേനയെടുത്ത് ഒരേറ് കൊടുത്തു. നോക്കണേ നിർഭാഗ്യം.

അതു ചെന്ന് ലാൻഡ് ചെയ്തത് ഇളയ അനുജന്റെ തലയിലാണ്. നല്ല വല്ലതും ലാൻഡ് ചെയ്യുന്നു തോന്നി. ആ നാശം കിടന്ന് 'കീറ്റ'വാൻ തുടങ്ങി. ഏതായാലും ഞാൻ പേന തിരക്കാനുള്ള ഉദ്യമം ഉപേക്ഷിച്ചു. വല്ല പെൻസിലുമുണ്ടോ എന്നന്വേഷിച്ചു. ഭാഗ്യം! ദൈവത്തിനു സ്തുതി! ഒരു പെൻസിൽ കിടക്കുന്നു. മുനയെന്നു പറയുന്നതേയില്ല. ഏതായാലും വെട്ടാൻ തീരുമാനിച്ചു. ബ്ലേഡ് എടുത്ത് വെട്ടാൻ തുടങ്ങി. അയ്യോ! കൈമുറിഞ്ഞു. സാരമില്ല. വേഗം വേഗം വെട്ടി. അവസാനം മുന വന്നു. പെൻസിലുമെടുത്തു കൊണ്ട് പേപ്പറിനുവേണ്ടി നോക്കിയപ്പോഴാണ് അടുത്ത വീട്ടിലെ കുട്ടി അതെടുത്ത് 'വിമാനം' ഉണ്ടാക്കിക്കളിക്കുന്നു. ഞാൻ ദേഷ്യം അടക്കിക്കൊണ്ടുപോയി വേറെ പേപ്പർ എടുത്തു. ഏതായാലും ഭാഗ്യം. ഇനി എഴുതാൻ തുടങ്ങാമല്ലോ? ഞാൻ പേപ്പറുമെടുത്തുകൊണ്ട് മാവിൻ ചുവട്ടിലേക്ക് നടന്നു. അവിടെ ഇരുന്നുകൊണ്ട് ഞാൻ എന്താണ് എഴുതേണ്ടതെന്ന് ആലോചിച്ചു. പെട്ടെന്നൊരു ശബ്ദം. 'പ്ലീം' ഞാൻ ഞെട്ടി ചുററും നോക്കി. അപ്പോഴാണ് മനസ്സിലായത്. മുകളിലിരുന്ന ഒരു കാക്ക കാഷ്ഠിച്ചതാണ്.

ബോംബു വീണതുപോലെ അതു പേപ്പറിൽ തന്നെ വന്നു വീണു. എനിക്ക ദേഷ്യം സഹിക്ക വയ്യാതായി. എനിക്ക് തോന്നി ഇന്ന് ഏതായാലും എഴുതാൻ പററുകയില്ല. ശകുനത്തിന്റെ കുഴപ്പമാണ്. ഏതായാലും നാളെ എഴുതാം. ആരെങ്കിലും ഇതു കണ്ടോ എന്ന് ഞാൻ ചുററും നോക്കി. ഭാഗ്യം! ആരുമില്ല. ഞാൻ പേപ്പർ എടുത്തു കളഞ്ഞു. കൈ നീറുന്നുണ്ട്. ഞാനത് കാര്യമാക്കാതെ വീട്ടിലേക്ക് നടന്നു.

ചെറുകഥ

# അമളി

വി. ടി. മനോജ്
ക്ലാസ്സ് 8

8-ാം ക്ലാസ്സിൽ പഠിക്കുന്ന കാലം. കർക്കിടകമാസം തുടങ്ങി. മഴയില്ലാത്ത ദിവസങ്ങൾ ഇല്ലായിരുന്നു. അന്നും ഒരു മഴയുള്ള ദിവസമായിരുന്നു. സ്കൂൾ വിടാനുള്ള മണി അടിച്ചപ്പോഴാണ് കുടകൊണ്ടു വരാൻ മറന്ന കാര്യം ഓർത്തത്. മററു കുട്ടികളെപ്പോലെ ഞാനും ഓടി. നനഞ്ഞു കുളിച്ച് വീട്ടിലെത്തിയപ്പോഴേക്കും മഴ കുറേശെ ശമിച്ചിരുന്നു. ചായകുടിച്ച് പുറത്തേക്ക് വന്നപ്പോൾ മുത്തശ്ശിയുടെ ശകാരം ആണ് കേട്ടത്. "ഹാ, ഇവടെ കൊട ഇല്ലാഞ്ഞിട്ടാണോ ഇങ്ങനെ" കേട്ട ഭാവം നടിക്കാതെ ഞാൻ അന്നത്തെ പേപ്പർ മറിച്ചുനോക്കി. അപ്പോഴാണ് അമ്മയുടെ ആജ്ഞ "അച്ഛൻ ഇവിടില്ല. നീ പോയി കുറച്ച് ഉപ്പ് വാങ്ങിക്കൊണ്ടു വാ. അല്ലെങ്കിൽ ഇവിടെ രാത്രിയിലേയ്ക്കു ഉപ്പില്ല."

ഏതായാലും പോകാമെന്നു കരുതി, ഇറങ്ങാനൊരുങ്ങി. മഴ ഒന്നു നിന്നിരുന്നു. "കൊടേം എടുത്തോണ്ടു പോ" മുത്തശ്ശി വിളിച്ചുപറഞ്ഞു.

